بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**19-09-2025**

# ത്വായിഫ് യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബിനസ്റിഹിൽ അസീസ്) പ്രസ്താവിച്ചു:

കഴിഞ്ഞ ഖുത്ബകളിൽ ത്വാഇഫ് യുദ്ധത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. തദവസരത്തിൽ അവരുമായി ചർച്ചയ്ക്കു പോയ ഒരു സ്വഹാബിയെ- അദ്ദേഹത്തിന് ഒന്നും സംഭവിക്കില്ലെന്ന് ത്വാഇഫുകാർ ഉറപ്പും നല്കിയിരുന്നിട്ടും- അദ്ദേഹം കോട്ടയുടെ അടുത്തേക്ക് പോയപ്പോൾ അവർ കരാർ ലംഘനം നടത്തിക്കൊണ്ട് അദ്ദേഹത്തെ രക്തസാക്ഷിയാക്കി. എന്നിട്ടും നബിതിരുമേനി(സ) അനുരഞ്ജനത്തിനുള്ള ശ്രമം ഉപേക്ഷിച്ചില്ല. അവിടുന്ന് വീണ്ടും ഹദ്റത്ത് ഹൻദല ബിൻ റബീഇനെ ത്വാഇഫുകാരുടെ അടുത്തേക്ക് സന്ധിസംഭാഷണത്തിനായി അയച്ചു. ത്വാഇഫുകാർ ഹദ്റത്ത് ഹൻദലയെ ആക്രമിച്ചപ്പോൾ നബിതിരുമേനി(സ) ചോദിച്ചു: ഹൻദലയെ രക്ഷിച്ചുകൊണ്ടുവരാനാരുണ്ട്? ഇത് കേട്ട് ഹദ്റത്ത് അബ്ബാസ് ഓടിച്ചെന്ന് ഹദ്റത്ത് ഹൻദലയെ മുശ്രിക്കുകളുടെ പിടിയിൽ നിന്ന് രക്ഷിച്ചു കൊണ്ടുവന്നു.

ത്വാഇഫുകാരും ഖുറൈശികളും തമ്മിൽ പണ്ടുമുതൽക്കേ നല്ലബന്ധമുണ്ടായിരുന്നതിനാൽ അനുരഞ്ജനത്തിനായി ഹദ്റത്ത് അബൂസുഫ്യാൻ ബിൻ ഹർബ്, ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ എന്നിവർ കോട്ടയ്ക്കുള്ളിൽ പോയെങ്കിലും അവർക്കതിൽ വിജയിക്കാൻ കഴിഞ്ഞില്ല. എന്നാൽ, കോട്ടയിലുള്ളവർ ഒരു അപേക്ഷ നടത്തി: മുഹമ്മദ്(സ)യോട് ഞങ്ങളുടെ തോട്ടങ്ങൾക്ക് നാശനഷ്ടം വരുത്തരുതെന്ന് പറയുക. അല്ലാഹുവിനു വേണ്ടിയും, കുടുംബബന്ധത്തിന്റെ പേരിലും അവയെ നശിപ്പിക്കാതെ നിലനിർത്താൻ പറയുക. അവരുടെ അപേക്ഷ മാനിച്ചു കൊണ്ട്, തോട്ടങ്ങൾ നശിപ്പിക്കാനുള്ള ഉത്തരവ് നബിതിരുമേനി(സ) പിൻവലിക്കുകയുണ്ടായി.

പ്രവാചകജീവിതത്തിലെ അതുല്യമായ ഒരു വശമാണിത്. ആ യുദ്ധതന്ത്രം മുഖേന അതായത് തോട്ടങ്ങൾ നശിപ്പിക്കാനുള്ള ഉത്തരവിലൂടെ യുദ്ധത്തിന്റെ ഗതി മുസ്‌ലീങ്ങൾക്ക് അനുകൂലമാകുമായിരുന്നു. എന്നാൽ, അവർ

അല്ലാഹുവിന്റെയും കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന്റെയും പേരിൽ അഭ്യർഥിച്ചപ്പോൾ അവിടുന്ന് അവരുടെ അപേക്ഷ അംഗീകരിച്ചു. തദവസരത്തിൽ നബിതിരുമേനി(സ) ഒരു പ്രഖ്യാപനം നടത്തി: കോട്ട മതിലിൽ ഇറങ്ങിവന്ന് നമ്മോടൊപ്പം ചേരുന്ന ഏത് അടിമയും സ്വതന്ത്രനാക്കപ്പെടുന്നതായിരിക്കും. ഇത് കേട്ട് ഇരുപത്തിമൂന്ന് അടിമകൾ ഇറങ്ങിവന്ന് മുസ്ലീങ്ങളോടൊപ്പം ചേർന്നു. ഇത് ത്വാഇഫുകാരെ വളരെയധികം ദുഃഖിപ്പിച്ചു. നബിതിരുമേനി (സ) ഈ അടിമകളെയെല്ലാം സ്വതന്ത്രരാക്കി. അവിടുന്ന് അവരിലോരോരുത്തരെയും ഓരോ മുസ്ലിമിന്റെ സംരക്ഷണച്ചുമതലയിൽ ഏൽപ്പിച്ചു. ഈ അടിമകളെ നന്നായി ദീൻ പഠിപ്പിക്കണമെന്ന് മുസ്ലീങ്ങളെ ഉപദേശിക്കുകയും ചെയ്തു.

ഒരു സന്ദർഭത്തിൽ, ഉയൈന ബിൻ ഹിസ്ൻ ഫസാരി നബിതിരുമേനി(സ)യോട് കോട്ടയ്ക്കുള്ളിൽ ചെന്ന് ബനു സഖീഫിനെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ അനുവാദം ചോദിച്ചു. ഉയൈന ബിൻ ഹിസ്ൻ മക്കാവിജയത്തിനു മുമ്പ് തന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. നബിതിരുമേനി (സ) അദ്ദേഹത്തെ ***അൽ -അഹ്മഖ് മുത്വാഅ്*** അതായത്, വിഡ്ഢിയായ നേതാവ് എന്ന് വിശേഷിപ്പിച്ചതായി പറയപ്പെടുന്നു. നബി തിരുമേനി(സ) അദ്ദേഹത്തിന് അനുവാദം നല്കിയപ്പോൾ ഉയൈന കോട്ടയ്ക്കുള്ളിൽ ആ ആളുകളുടെ അടുത്ത് എത്തിയിട്ട് ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനുപകരം ബനു സഖീഫിനെ ഇസ്ലാമിനെതിരെ പ്രകോപിപ്പിക്കുകയും തിരികെ വന്ന് വ്യാജമായ റിപ്പോർട്ട് നല്കുകയും ചെയ്തു. എന്നാൽ അവിടെ പോയിട്ട് എന്താണ് പറഞ്ഞതെന്ന് നബിതിരുമേനി (സ)യ്ക്ക് അല്ലാഹു വഹ്‌യിലൂടെ അറിയിച്ചിരുന്നു. അതിനാൽ, നബിതിരുമേനി(സ) പറഞ്ഞു: താങ്കൾ കള്ളമാണ് പറയുന്നത് . താങ്കൾ അവരോട് ഇന്നയിന്ന കാര്യങ്ങളാണ് പറഞ്ഞത് എന്ന് പറഞ്ഞുകൊണ്ട് അവിടുന്ന് ഉയൈന പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചു. ഇത് കേട്ട് ഉയൈന അദ്ഭുതപ്പെട്ടുപോയി. ഈ ഉപരോധത്തിന്റെ സാഹചര്യത്തിൽ, നബി തിരുമേനി(സ) ഹദ്റത്ത് നൗഫൽ ബിൻ മുആവിയ(റ)യോട് അഭിപ്രായം ആരാഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് ഒരു കുറുക്കൻ അതിന്റെ മാളത്തിൽ ഒളിച്ചിരിക്കുന്നതുപോലെയാണ്. നമ്മൾ ഇവിടെ തന്നെ നിന്നാൽ അതിനെ പിടിക്കാൻ സാധിക്കും. ഇനി അതിനെ വിട്ടേക്കുകയാണെങ്കിൽ അത് ഉപദ്രവിക്കാൻ ശേഷിയില്ലാത്തതായി മാറും. കുറുക്കൻ അതിന്റെ ഗുഹയിലേക്ക് പോകുന്നതാണ്. ഇത് കേട്ട് നബിതിരുമേനി(സ) ഉപരോധം അവസാനിപ്പിക്കാൻ തീരുമാനിച്ചു.

ഈ തീരുമാനം യഥാർഥത്തിൽ വെറും കൂടിയാലോചനയുടെ ഫലമായിട്ടായിരുന്നില്ല, മറിച്ച് അല്ലാഹുവിൽനിന്ന് ഒരു പ്രത്യേക മാർഗനിർദേശമോ സൂചനയോ ലഭിച്ചതുകൊണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. അല്ലാത്തപക്ഷം അവിടുത്തെ സൈനിക ദൗത്യങ്ങളിൽ ഇത്രയും പ്രധാനപ്പെട്ടതും ആവശ്യമായതുമായ ഒരു വിജയം പകുതിക്ക് വച്ച് ഉപേക്ഷിച്ച് മടങ്ങുന്നത് ആദ്യത്തെ സംഭവമായിരിക്കും.

ഇതുമായി ബന്ധപ്പെട്ട് നബിതിരുമേനി (സ) ഹദ്റത്ത് അബൂബക്കറിനെ(റ) തന്റെ ഒരു സ്വപ്നം ഇപ്രകാരം കേൾപ്പിച്ചതായി നിവേദനമുണ്ട്. നബിതിരുമേനി (സ)പറഞ്ഞു: ഞാൻ ഇന്ന് ഒരു സ്വപ്നം കണ്ടു. ഒരു പാത്രത്തിൽ വെണ്ണ നിറച്ചത് എനിക്ക് സമ്മാനമായി ലഭിച്ചു. എന്നാൽ, ഒരു കോഴി കൊക്ക് വച്ച് ആ പാത്രം തള്ളി താഴെയിട്ടു. അബൂബക്കർ(റ) പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഈ പ്രാവശ്യം താങ്കൾക്ക് സഖീഫ് ഗോത്രത്തിൽ നിന്ന് ആഗ്രഹിക്കുന്ന വിജയം ലഭിക്കില്ല. നബി തിരുമേനി(സ)യും അതു ശരിവച്ചു. ഉപരോധം

അവസാനിച്ചെന്ന് വിളംബരപ്പെടുത്തിയപ്പോൾ വിജയം ലഭിക്കാതെ നമ്മൾ എന്തിനു മടങ്ങണം എന്നായിരുന്നു ചില ആവേശാധിക്യമുള്ള യുവാക്കളുടെ പ്രതികരണം. അവർ ആദ്യം ഹദ്റത്ത് അബൂബക്കറിനെയും ഹദ്റത്ത് ഉമറിനെയും സമീപിച്ചു. വിജയം നേടുന്നതുവരെ ഉപരോധം തുടരണമെന്ന് നബിതിരുമേനി(സ)യോട് അപേക്ഷിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ അത് പറയാൻ വിസമ്മതിച്ചപ്പോൾ സ്വയം നബിതിരുമേനി (സ)യുടെ അടുത്ത് ചെന്ന് വികാരഭരിതരായി പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ യുദ്ധം ചെയ്യും. അവിടുന്ന് പറഞ്ഞു: ശരി, നാളെ രാവിലെ യുദ്ധം ചെയ്തോളു. അങ്ങനെ അവർ അടുത്ത ദിവസം യുദ്ധം ചെയ്തെങ്കിലും അവർക്ക് പരിക്കുകളല്ലാതെ മറ്റൊന്നും ലഭിച്ചില്ല. അപ്പോൾ നബിതിരുമേനി (സ) പറഞ്ഞു: നാളെ നമ്മൾ തിരിച്ചുപോകും, ഇൻശാ അല്ലാഹ്. അതു കേട്ടപ്പോൾ യുവാക്കളും സന്തോഷം പ്രകടിപ്പിച്ചു. അവരുടെ മനോഭാവത്തിലെ ഈ മാറ്റം കണ്ടിട്ട് നബിതിരുമേനി(സ) ചിരിതൂകി.

ഈ യുദ്ധത്തിൽ കുഫ്ഫാറുകളുടെ മൂന്നു പേരാണ് കൊല്ലപ്പെട്ടത്. കോട്ടയ്ക്കുള്ളിൽ ഒളിച്ചിരുന്നതിനാൽ പരിക്കേറ്റവരെക്കുറിച്ചോ കൊല്ലപ്പെട്ടവരെക്കുറിച്ചോ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. അതുപോലെ, മുസ്‌ലീങ്ങളിൽ പരിക്കേറ്റവരുടെ എണ്ണവും കൃത്യമായി അറിയില്ല. എന്നാൽ ഹദ്റത്ത് അബൂസുഫ്‌യാൻ ബിൻ ഹർബ്, ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ മകനായ അബ്ദുല്ലാഹ് എന്നിവർക്ക് പരിക്കേറ്റതിനെക്കുറിച്ച് വിവരങ്ങളുണ്ട്. ഈ യുദ്ധത്തിൽ പന്ത്രണ്ട് സ്വഹാബികൾ രക്തസാക്ഷികളായി. അവരുടെ പേരുകൾ ഇപ്രകാരമാണ്: ഹദ്റത്ത് സഈദ് ബിൻ ആസ്, ഹദ്റത്ത് ഉർഫത ബിൻ ജനാബ്, ഹദ്റത്ത് അബ്ദുല്ല ബിൻ അബി ഉമയ്യ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ, ഹദ്റത്ത് സാഇബ് ബിൻ ഹാരിസും അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുല്ല ബിൻ ഹാരിസും, ഹദ്റത്ത് ജുലൈഹ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് സാബിത് ബിൻ ജല്ലാ, ഹദ്റത്ത് ഹാരിസ് ബിൻ സഹ്ല്, ഹദ്റത്ത് മുൻദിർ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് റുഖൈം ബിൻ സാബിത്, ഹദ്റത്ത് അബ്ദുല്ല ബിൻ അബൂബക്കർ (പിന്നീട് മരണപ്പെട്ടു).

ഈ യുദ്ധത്തിൽ നബിതിരുമേനി(സ)യോടൊപ്പം അവിടുത്തെ രണ്ട് ധർമപത്നിമാരായ ഹദ്റത്ത് ഉമ്മു സലമയും ഹദ്റത്ത് സൈനബും ഉണ്ടായിരുന്നു. അവർക്കായി രണ്ട് കൂടാരങ്ങൾ സ്ഥാപിച്ചിരുന്നു. ഉപരോധ സമയത്ത് നബിതിരുമേനി(സ) ഈ രണ്ട് കൂടാരങ്ങൾക്കിടയിൽ വച്ച് നമസ്കരിച്ചിരുന്നു. നബിതിരുമേനി(സ) എത്ര ദിവസമാണ് ത്വാഇഫിനെ ഉപരോധിച്ചതെന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ നിവേദനങ്ങളുണ്ട്. പത്തു മുതൽ നാൽപ്പത് രാത്രികളോളം അവരെ ഉപരോധിച്ചുവെന്ന് വന്നിട്ടുണ്ട്. എന്തായാലും, മടങ്ങാനുള്ള സമയം വന്നപ്പോൾ അവിടുന്ന് ഇങ്ങനെ ചൊല്ലാൻ പറഞ്ഞു: ഞങ്ങൾ മടങ്ങുന്നു, പശ്ചാത്തപിക്കുന്നു, ആരാധന നടത്തുന്നു, ഞങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നു. അവിടുത്തോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ബനു സഖീഫിനെതിരെ ശാപപ്രാർഥന നടത്തിയാലും. നബിതിരുമേനി(സ)യുടെ ഹൃദയവിശാലതയുടെയും കാരുണ്യത്തിന്റെയും നിലവാരം ഇവിടെ ശ്രദ്ധേയമാണ്. അവിടുന്ന് അവർക്കെതിരെ ദുആ ചെയ്യുന്നതിനു പകരം ഇങ്ങനെ പ്രാർഥിച്ചു: അല്ലാഹുവേ, സഖീഫ് ഗോത്രത്തിന് സന്മാർഗം കാണിച്ചുകൊണ്ട് അവരെ മുസ്‌ലീങ്ങളാക്കണമേ. അതിനുശേഷം മടക്കവേളയിൽ അവിടുന്ന് ഇപ്രകാരം പ്രാർഥിച്ചു: അല്ലാഹുവേ, അവർക്ക് സന്മാർഗം നല്കുകയും അവരുടെ വിഭവങ്ങളും സ്രോതസ്സുകളും നേരിടാൻ ഞങ്ങൾക്ക് നീ മതിയാകുകയും ചെയ്യേണമേ.

കാരണം, അവിടുത്തെ യഥാർഥ ലക്ഷ്യം വഴിതെറ്റിപ്പോയ ഈ സൃഷ്ടികൾ തങ്ങളുടെ സ്രഷ്ടാവിലേക്ക് മടങ്ങുക എന്നതായിരുന്നു. അങ്ങനെ അല്ലാഹു അവിടുത്തെ ഈ പ്രാർഥന സ്വീകരിച്ചതിന്റെ ഫലമായി ഒരു വർഷം തികയുന്നതിനു മുമ്പ് ഹിജ്റ 9-ൽ റമളാൻ മാസത്തിൽ ത്വാഇഫുകാർ മുഴുവനും ഇസ്ലാംമതം സ്വീകരിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഈ വിഷയത്തെക്കുറിച്ച് ഒരു സ്ഥലത്ത് ഇങ്ങനെ വിവരിക്കുന്നു: നബിതിരുമേനി (സ) ത്വാഇഫിലേക്ക് അതായത് കല്ലെറിഞ്ഞ് അവിടുത്തെ പുറത്താക്കിയ അതേ നഗരത്തിലേക്ക് തന്നെ യാത്രയായി. കുറച്ചുകാലം അവിടുന്ന് ആ നഗരം ഉപരോധിച്ചു. എന്നാൽ ചില ആളുകൾ ഉപദേശം നല്കിയപ്പോൾ, ഇനി സമയം കളയേണ്ടതില്ല, ഇപ്പോൾ അറബികളിൽ ഈ ഒരു നഗരം എന്ത് ചെയ്യാൻ പോകുന്നു, ഉപരോധം ഉപേക്ഷിച്ച് തിരിച്ചുപോരുക എന്ന് അവിടുന്ന് തീരുമാനിച്ചു. അങ്ങനെ കുറച്ചുകാലത്തിനു ശേഷം ത്വാഇഫിലെ ആളുകളും മുസ്ലീങ്ങളായി.

ഹുനൈൻ യുദ്ധമുതലുകളുടെ വിഭജനത്തെക്കുറിച്ചും പരാമർശമുണ്ട്. നബിതിരുമേനി (സ)യുടെ നിർദേശപ്രകാരം 6000 മുതൽ 8000 വരെ ആയി പറയപ്പെടുന്ന തടവുകാർക്ക് തണുപ്പിൽനിന്നും ചൂടിൽനിന്നും സംരക്ഷിക്കാൻ അവർക്ക് താൽക്കാലിക താമസസ്ഥലങ്ങൾ വരെ തയ്യാറാക്കിയിരുന്നു. 24,000 ഒട്ടകങ്ങൾ യുദ്ധമുതലുകളിലുണ്ടായിരുന്നു. 40,000-ൽ അധികം ആടുകളും കോലാടുകളും ഉണ്ടായിരുന്നു. 4000 ഔഖിയ- ഇത് ഏകദേശം 490 കിലോഗ്രാം വരും വെള്ളിയുണ്ടായിരുന്നു. ഇതിനുമുൻപ് മുസ്ലീങ്ങൾക്ക് ഇത്രയധികം യുദ്ധമുതലുകൾ ലഭിച്ചിട്ടില്ലായിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിലും നബിതിരുമേനി(സ) തന്റെ സ്വഹാബികളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. യുദ്ധമുതൽ വിഭജിക്കുന്നതിനു മുമ്പ് അവിടുന്ന് പ്രഖ്യാപിച്ചു: ഈ മുതലിൽ നിന്ന് ഖുംസിന് (അഞ്ചിലൊന്ന്) പുറമേ എനിക്കും നിങ്ങളുടെ അതേ അവകാശമാണുള്ളത്. ആ ഖുംസും അവസാനം നിങ്ങൾക്കിടയിലേക്ക് തന്നെ മടങ്ങിയെത്തും. അതിനുശേഷം അവിടുന്ന് പറഞ്ഞു: ഒരു സൂചി, അല്ലെങ്കിൽ അതിന്റെ നൂല്, അല്ലെങ്കിൽ അതിനേക്കാൾ ചെറിയ എന്തു വസ്തുവെങ്കിലും ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത് തിരികെ നല്കുക. വഞ്ചനയിൽ നിന്ന് അകന്നുനിൽക്കുക. കാരണം ഖിയാമത്ത് നാളിൽ അത് വഞ്ചിക്കുന്നവർക്ക് നാണക്കേടും അപമാനവുമുണ്ടാകുന്നതിന് നിമിത്തമാകും. ഈ പ്രഖ്യാപനം കേട്ട് ഒരു സ്വഹാബി ഒട്ടകത്തിന്റെ രോമം കൊണ്ട് ഉണ്ടാക്കിയ ഒരു കയർ ചുരുൾ നബിസമക്ഷം കൊണ്ടുവന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്റെ പൊട്ടിയ ജീൻ തുന്നാൻ ഞാൻ ഈ നൂൽ യുദ്ധമുതലിൽ നിന്ന് എടുത്തിരുന്നു.

അതുപോലെ മറ്റൊരു സ്വഹാബി ഒരു സൂചി എടുത്ത് തന്റെ ഭാര്യക്ക് നല്കിയിരുന്നു. ഈ പ്രഖ്യാപനം കേട്ട് അദ്ദേഹം ഉടൻതന്നെ ഭാര്യയുടെ അടുത്തേക്ക് പോയി ആ സൂചി തിരികെ വാങ്ങി യുദ്ധമുതലുകളുടെ കൂട്ടത്തിൽ വച്ചു. യുദ്ധമുതൽ വിഭജിക്കാൻ തുടങ്ങിയപ്പോൾ, അവിടുന്ന് താലീഫുൽ ഖുലൂബ് (സൗഹൃദത്തിനായി ജനമനസ്സുകളെ ഇണക്കുക) എന്ന തത്ത്വം മുന്നിൽ വച്ച് അവിടുന്ന് ആദ്യം അറബികളിലെ പ്രധാനികൾക്കാണ് നല്കിയത്. അവർ തങ്ങളുടെ ഗോത്രങ്ങളിൽ ഉന്നത സ്ഥാനീയരായിരുന്നു. ചിലർക്ക് 100 ഒട്ടകങ്ങളും, ചിലർക്ക് 50 ഒട്ടകങ്ങളും നല്കി.

അതിനു ശേഷം നബിതിരുമേനി(സ) ഹദ്റത്ത് സൈദ് ബിൻ സാബിത്തിനോട് ശേഷിച്ചവരെ വിളിക്കാൻ നിർദേശിച്ചു, അവർക്കിടയിൽ യുദ്ധമുതൽ വിഭജിച്ചു. ഓരോരുത്തർക്കും നാല് ഒട്ടകങ്ങളോ അല്ലെങ്കിൽ നാൽ

പ്പത് ആടുകളോ ലഭിച്ചു. ഖുറൈശികൾക്ക് സമ്പത്ത് നല്കിയതിന്റെ പിന്നിലെ തത്ത്വം നബിതിരുമേനി (സ) ഇങ്ങനെ വിശദീകരിച്ചു: ഞാൻ ഖുറൈശികൾക്ക് നല്കി അവരുടെ ഹൃദയങ്ങളെ ഇണക്കുകയാണ്. കാരണം അവർ സത്യനിഷേധത്തിൽ നിന്ന് വേർപിരിഞ്ഞിട്ട് അധികകാലമായിട്ടില്ല.

ഈ സന്ദർഭത്തിൽ, ചില കപടവിശ്വാസികൾ യുദ്ധമുതൽ വിഭജിക്കുന്നതിനെക്കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുകയും നഊദുബില്ലാഹ്, നബി തിരുമേനി(സ) നീതിയും ന്യായവും പാലിച്ചില്ലെന്നും അല്ലാഹുവിന്റെ തൃപ്തിക്ക് അനുസരിച്ചല്ല പ്രവർത്തിച്ചതെന്നും ആരോപിക്കുകയും ചെയ്തു. ഇത് കേട്ടപ്പോൾ നബിതിരുമേനി(സ)യുടെ തിരുമുഖം ചുവന്നു. അവിടുന്ന് പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും നീതി കാണിക്കുന്നില്ലെങ്കിൽ പിന്നെ ആരാണ് നീതി കാണിക്കുക? പിന്നീട് അവിടുന്ന് പറഞ്ഞു: അല്ലാഹു എന്റെ സഹോദരൻ മൂസായോട് കരുണ കാണിക്കട്ടെ, അദ്ദേഹത്തിന് ഇതിലും വലിയ ബുദ്ധിമുട്ടുകളും പീഡനങ്ങളും ലഭിച്ചിട്ടും അദ്ദേഹം ക്ഷമ കൈക്കൊണ്ടു.

അതുപോലെ മറ്റൊരാളും ആക്ഷേപമുന്നയിച്ചപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: നിനക്ക് നാശം! ഞാൻ നീതി പുലർത്തുന്നില്ലെങ്കിൽ പിന്നെ ആരാണ് നീതി പുലർത്തുക? ഇത് കേട്ട് ഹദ്റത്ത് ഉമറും ഹദ്റത്ത് ഖാലിദ് ബിൻ വലീദും എഴുന്നേറ്റുനിന്ന് ചോദിച്ചു: ഉത്തരവുണ്ടാകുകയാണെങ്കിൽ ഇവന്റെ തല കൊയ്യട്ടെ? നബിതിരുമേനി (സ) പറഞ്ഞു: വേണ്ട. ഒരുപക്ഷേ ഇവൻ നമസ്കരിക്കുന്നവനായിരിക്കാം. അപ്പോൾ ഹദ്റത്ത് ഖാലിദ് ചോദിച്ചു: ഒരു നമസ്കരിക്കുന്നയാൾക്ക് അവന്റെ മനസ്സിൽ ഇല്ലെങ്കിൽ ഇങ്ങനെ ഒരു കാര്യം പറയാൻ സാധിക്കുമോ? നബി തിരുമേനി (സ) പറഞ്ഞു: ഖാലിദ്, ആളുകളുടെ ഹൃദയം കീറിനോക്കാനോ നെഞ്ച് പിളർന്നു നോക്കാനോ ഞാൻ കൽപ്പിക്കപ്പെട്ടിട്ടില്ല.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 19.09.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516